(ബി) നിയമ സർവ്വകലാശാല, മറ്റ് ഉന്നത നിയമപഠന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും വിദഗ്ദ്ധ നിർദ്ദേശങ്ങളോ പഠന റിപ്പോർട്ടുകളോ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

**സർവ്വകലാശാലകളുടെ നിലവാരം ഉയർത്താനുള്ള നടപടികൾ**

76 (2752) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ന്യൂ ജനറേഷൻ കോഴ്സുകൾ തുടങ്ങുവാനുള്ള അക്കാദമിക് ഓട്ടോണമി ഗവൺമെന്റ് കോളേജുകൾക്ക് ഉൾപ്പെടെ നൽകുന്നതിന് തീരുമാനമെടുക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് നടത്തുന്നതിനായി 'നാക്' മാതൃകയിൽ കേരള സ്റ്റേറ്റ് അസെസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകത്തക്കവിധത്തിൽ ഒരു ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ കരട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു.

(ബി) മഹാരാജാസ് കോളേജ്, എറണാകുളം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്നീ സർക്കാർ കോളേജുകൾക്കും 11 എയ്ഡഡ് കോളേജുകൾക്കും അക്കാദമി ആട്ടോണമി നൽകുന്നതിന് യു.ജി.സി.-യ്ക്ക് ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം യു.ജി.സി. തന്നെയാണ് എടുക്കേണ്ടത്.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉയർന്ന പദവികളിലെ അനധികൃത നിയമനം**

77 (2753) ശ്രീ. ജി. സുധാകരൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വകലാശാലയടക്കം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലപ്പത്ത് നിശ്ചിത യോഗ്യതയില്ലാത്തവർ നിയമിക്കപ്പെടുന്നുണ്ടോ; ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉയർന്ന പദവികളിൽ നിയമനം നടത്തുമ്പോൾ അവരുടെ യോഗ്യത സംബന്ധിച്ച പരിശോധന കാര്യക്ഷമമായി നടക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതപദവിയിലുള്ള ഉദ്യോഗസ്ഥരെ യോഗ്യതയില്ലാത്തതിനാൽ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലറുടെ യോഗ്യത സംബന്ധിച്ച വിവാദം ഉയർന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ;

(ഇ) യോഗ്യതയില്ലാത്ത ഇത്തരം വ്യക്തികളെ നിയമിക്കാനിടയായത് എന്തുകൊണ്ടാണ് ; ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ജാഗ്രത പാലിക്കാൻ തയ്യാറാകുമോ എന്നും വിശദീകരിക്കാമോ ?

## ഉത്തരം

(എ) ഇല്ല. സർവ്വകലാശാലകളിലെ വൈസ് ചാൻസലറുടെ വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി&ഇ) കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലറുടെ യോഗ്യത സംബന്ധിച്ച വിവാദം ദൃശ്യ . പത്ര മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപെട്ടിരുന്നു. പക്ഷേ ഇതുസംബന്ധിച്ച പരാതികൾ ഒന്നും നാളിതുവരെ സർക്കാരിന് ലഭ്യമായിട്ടില്ല. മാത്രവുമല്ല സർവ്വകലാശാലകളിലെ വൈസ് ചാൻസലറുടെ വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറാണ്.

## വൈസ് ചാൻസലർമാർക്കെതിരെയുള്ള അന്വേഷണം

78 (2754) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാരായി നിയമിച്ചിട്ടുള്ളത്;

(ബി) ഇവരിൽ പലതരത്തിലുള്ള ആരോപണങ്ങൾ നേരിടുന്നവരും, വ്യാജ യോഗ്യതാ സർട്ടിഫിക്കറ്റുകളും സത്യവാങ്മൂലങ്ങളും നൽകി നിയമനം നേടിയവരും ആരെല്ലാമാണ് എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly